**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1249** **30-06-2026-ൽ മറുപടിയ്ക്ക്**

**<u>ഉന്നത വിദ്യാഭ്യാസത്തിനായി വിദേശത്തേക്ക് പോകുന്നത് സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പാറക്കൽ അബ്ദുല്ല

ശ്രീ. റോജി എം. ജോൺ
(ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

**(എ)** ഉന്നത വിദ്യാഭ്യാസത്തിനായി ഓരോ വർഷവും വിദേശത്തേക്ക് പോകുന്ന വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**<u>മറുപടി:</u>** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

**(ബി)** ഇത് കാരണം സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളിലും ആർട്സ് ആൻഡ് സയൻസ് കോളേജുകളിലും ഒട്ടേറെ സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്ന സാഹചര്യം നിലവിലുണ്ടോ; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** വിദ്യാർത്ഥികൾ വിദേശ രാജ്യങ്ങളിലേക്കും മറ്റ് സംസ്ഥാനങ്ങളിലേക്കും ഉപരിപഠനത്തിനായി പോകുന്ന പ്രവണത സംസ്ഥാനത്തെ ചില എഞ്ചിനീയറിംഗ് കോളേജുകളിലും ആർട്സ് ആൻഡ് സയൻസ് കോളേജുകളിലും പ്രവേശനത്തെ സ്വാധീനിക്കുന്ന ഘടകങ്ങളിലൊന്നാണ്. എന്നിരുന്നാലും, സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നതിന് വിദ്യാർത്ഥികളുടെ കോഴ്സ് മുൻഗണന, ജനസംഖ്യാപരമായ മാറ്റങ്ങൾ, തൊഴിലധിഷ്ഠിത കോഴ്സുകളോടുള്ള വർദ്ധിച്ച താൽപര്യം, സ്ഥാപനങ്ങളുടെ അക്കാദമിക നിലവാരത്തിലുള്ള വ്യത്യാസങ്ങൾ തുടങ്ങിയ വിവിധ ഘടകങ്ങളും കാരണമാകുന്നു.

**(സി)** ഇത് സാമ്പത്തികരംഗത്തും സാമൂഹികമായും സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങൾ പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** വിദ്യാർത്ഥികൾ ഉന്നത വിദ്യാഭ്യാസത്തിനായി വിദേശ രാജ്യങ്ങളിലേക്ക് പോകുന്ന പ്രവണത സംസ്ഥാനത്തിന്റെ ഉന്നത വിദ്യാഭ്യാസ മേഖലയിലും സാമൂഹിക-സാമ്പത്തിക മേഖലയിലും വിവിധ തരത്തിലുള്ള സ്വാധീനങ്ങൾ സൃഷ്ടിക്കുന്നതായി സർക്കാർ വിലയിരുത്തിയിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനം, മനുഷ്യവിഭവശേഷിയുടെ ലഭ്യത, നൈപുണ്യമുള്ള യുവജനങ്ങളുടെ കുടിയേറ്റം എന്നിവ ഈ പ്രവണതയാൽ സ്വാധീനിക്കപ്പെടുന്ന ഘടകങ്ങളാണ്.

**(ഡി)** എങ്കിൽ ഇത് പരിഹരിക്കാൻ ഭാവിയിൽ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കാമോ?

**<u>മറുപടി:</u>** ആഗോള തൊഴിൽ പ്രവണതകൾ നിരന്തരം വിശകലനം ചെയ്ത് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പഠനപരിപാടികൾ തൊഴിൽ വിപണിയുടെ ആവശ്യങ്ങളുമായി കൂടുതൽ യോജിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ സർക്കാർ നടത്താൻ ഉദ്ദേശിക്കുന്നു. തൊഴിൽ വിപണിയിലെ മാറ്റങ്ങൾക്കനുസൃതമായി അക്കാദമിക പരിപാടികൾ കാലാനുസൃതമായി നവീകരിക്കുന്നതിനായി ഒരു Job Watch Tower (JWT) സ്ഥാപിക്കാനും സർക്കാർ ഉദ്ദേശിക്കുന്നു.

ഗവേഷണ മികവ് ശക്തിപ്പെടുത്തുന്നതിനായി Kerala Doctoral Research Fellow Project നടപ്പിലാക്കി ഡോക്ടറൽ ഗവേഷണത്തിന് മെച്ചപ്പെട്ടത്തിയ ഫെലോഷിപ്പ് സംവിധാനം ഏർപ്പെടുത്തുന്നതിനും, Industry on Campus – Earn and Learn മാതൃക വ്യാപിപ്പിച്ച് വിദ്യാർത്ഥികൾക്ക് പഠനത്തോടൊപ്പം വ്യവസായ പരിചയം, നൈപുണ്യ വികസനം, ഇന്റേൺഷിപ്പ്, സംരംഭകത്വം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനും സർക്കാർ ഉദ്ദേശിക്കുന്നു.

കൂടാതെ, Kerala AI Research Centre (KAIRC) സ്ഥാപിക്കുന്നതിനും Mission AI Guru മുഖേന അധ്യാപകരുടെ കൃത്രിമബുദ്ധി (AI) അധിഷ്ഠിത ശേഷി വികസിപ്പിക്കുന്നതിനുമുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിലൂടെ സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അക്കാദമിക-ഗവേഷണ നിലവാരവും അന്താരാഷ്ട്ര മത്സരശേഷിയും കൂടുതൽ ശക്തിപ്പെടുത്തുന്നതിനും സർക്കാർ ലക്ഷ്യമിടുന്നു.

**സെക്ഷൻ ഓഫീസർ**